"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിലെ 1882062 നമ്പർ ന്യായവില കടയുടെ ലൈസൻസ് അനുവദിക്കൽ-ശ്രീമതി ഇന്ദിര കെ.കെ. സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.237/2024/F&CS തീയതി,തിരുവനന്തപുരം, 12-08-2024

---

പരാമർശം:-

1. തൃശ്ശൂർ ജില്ലാ സപ്ലൈ ആഫീസറുടെ 26/07/2023 തീയതിയി ലെ DSOTSR/655/2022-F2 നമ്പർ നടപടിക്രമം.
2. തൃശ്ശൂർ ജില്ലാ കളക്ടറുടെ 27.02.2024 തീയതിയിലെ DCTSR/7010/2023/C2 നമ്പർ നടപടിക്രമം.
3. ശ്രീമതി ഇന്ദിര കെ.കെ. സർക്കാരിൽ സമർപ്പിച്ച 19.04.2024 തീയതിയിലെ റിവിഷൻ ഹർജി.
4. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 21.05.2024 തീയതിയിലെ CCS/3020/2024-A8 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിലെ 1882062 നമ്പർ ന്യായവില കടയുടെ ലൈസൻസിനുവേണ്ടി ശ്രീമതി ഇന്ദിര കെ.കെ. സമർപ്പിച്ച അപേക്ഷയും അപ്പീലും തൃശ്ശൂർ ജില്ലാ സപ്ലൈ ആഫീസറും തൃശ്ശൂർ ജില്ലാ കളക്ടറും നിരസിച്ച് ഉത്തരവായതിനെതിരെ ടിയാരി പരാമർശം (3) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയിലുണ്ടായി.

2. തൃശ്ശൂർ ജില്ല, കുന്നംകുളം താലൂക്ക് ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിൽ ചൊവ്വന്നൂർ വില്ലേജിൽ ന്യായവിലകട 1882062-ന് പുതിയ ലൈസൻസിയെ നിയമിക്കുന്നതിനായി പട്ടികജാതി വിഭാഗക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് തൃശ്ശൂർ ജില്ല സപ്ലൈ ഓഫീസർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയതിലേക്ക് അപേക്ഷകൾ ലഭിക്കുകയുമുണ്ടായി. എന്നാൽ ടി വിജ്ഞാപനം ഒഴിവാക്കുന്നതിനും, കുന്നംകുളം താലൂക്കിലെ ന്യായവിലകട 1882062 -ന്റെ ലൈസൻസ് സെയിൽസ് വുമൺ എന്ന നിലയിൽ തനിക്ക് ലഭിക്കുന്നതിനുമായി ശ്രീമതി ഇന്ദിര കെ.കെ എന്നവർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP(C). 23138/2022 നമ്പർ ഹർജി ഫയൽ ചെയ്യുകയുണ്ടായി. ജില്ലാ സപ്ലൈ ഓഫീസറോട് നിശ്ചിത സമയത്തിനുള്ളിൽ ഉചിത തീരുമാനം എടുക്കാൻ നിർദ്ദേശിച്ചുകൊണ്ട് ടി ഹർജിയിൽ ബഹു.കേരള ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. കോടതി ഉത്തരവിൻ പ്രകാരം, പരാതിക്കാരിക്ക് നിശ്ചിത സമയത്തിനകം അപേക്ഷയും ആവശ്യമായ അനുബന്ധ രേഖകളും സമർപ്പിക്കുന്നതിന് അവസരം നൽകിയതിനെ തുടർന്ന് ശ്രീമതി ഇന്ദിര കെ.കെ.

കുന്നംകുളം താലൂക്കിലെ 1882062 നമ്പർ ന്യായവിലകടയുടെ ലൈസൻസിനായി അപേക്ഷ സമർപ്പിക്കുകയും ടിയാരിയുടെ അപേക്ഷയും അനുബന്ധ രേഖകളും ജില്ലാ സപ്ലൈ ഓഫീസർ വിശദമായി പരിശോധിക്കുകയും ടിയാരിയ്ക്ക് നേർക്കാഴ്ചയ്ക്ക് അവസരം നൽകുകയും ചെയ്തു. ശ്രീമതി. ഇന്ദിര കെ.കെ സമർപ്പിച്ച അപേക്ഷയും ഹാജരാക്കിയ രേഖകളും വിശദമായി പരിശോധിച്ചതിന്റെയും ടിയാരിയുമായി നടത്തിയ നേർക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ ന്യായവിലക്കട നടത്താൻ യോഗ്യയല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹു. കേരള ഹൈക്കോടതിയുടെ 28.03.2023 തീയതിയിലെ WP(C) 23138/2022 നമ്പർ വിധിന്യായം പാലിച്ചുകൊണ്ടു ശ്രീമതി ഇന്ദിര കെ. കെ. യുടെ അപേക്ഷ നിരസിച്ചും പുതിയ ലൈസൻസിയെ നിയമിക്കുന്നതിനായി പുറപ്പെടുവിച്ച വിജ്ഞാപനം റദ്ദ് ചെയ്തും ജില്ല സപ്ലൈ ഓഫീസർ പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി .

3. ജില്ലാ സപ്ലൈ ഓഫീസറുടെ ഉത്തരവ് ചോദ്യം ചെയ്തുകൊണ്ട് ശ്രീമതി ഇന്ദിര കെ.കെ. തൃശ്ശൂർ ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിക്കുകയും ശ്രീമതി . ഇന്ദിര കെ.കെ യുടെ അപേക്ഷ നിരസിച്ചിരിക്കുന്നത് KTPDS (Control) Order 2021 പ്രകാരവും, ബഹു. കേരള ഹൈക്കോടതിയുടെ 28/03/2023 തീയതിയിലെ WP(C) 23138/2022 നമ്പർ വിധിന്യായം പാലിച്ചുകൊണ്ടുമാകയാൽ ടിയാരി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ഇടപെടാൻ തക്കസാഹചര്യമില്ലെന്ന് കണ്ട് തൃശ്ശൂർ ജില്ലാ കളക്ടർ അപ്പീൽ അപേക്ഷ നിരസിച്ച് പരാമർശം (2) പ്രകാരം ഉത്തരവാകുകയാണുണ്ടായത് . ടി സാഹചര്യത്തിലാണ് ശ്രീമതി ഇന്ദിര കെ. കെ. പരാമർശം (3) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചത് . തലപ്പള്ളി താലൂക്കിലെ ARD 25 ആണ് നിലവിൽ കുന്നംകുളം താലൂക്കിലെ FPS 62 ആയി പ്രവർത്തിച്ചു വരുന്നത്. ARD 25 ന്റെ ലൈസൻസിയായിരുന്ന എം.എസ്. തങ്കൻ എന്നയാൾ 11/03/2008 ൽ മരണപ്പെട്ടതിനെ തുടർന്ന് ARD 25 ARD 89 നോട് അറ്റാച്ച് ചെയ്യുകയായിരുന്നു. പിന്നീട് ടി കട FPS 21 നോട് കൂട്ടിച്ചേർക്കുകയുണ്ടായി. താൻ 2001 മുതൽ ടി കടയിൽ പ്രവർത്തിക്കുന്നുണ്ടെന്നും 24 വർഷത്തെ അനുഭവ സമ്പത്തുണ്ടെന്നും ഹർജിയിൽ ശ്രീമതി ഇന്ദിര കെ.കെ ബോധിപ്പിച്ചു. അറ്റാച്ച് ചെയ്ത കടയിൽ പ്രവർത്തിച്ച ഘട്ടത്തിലെ സേവനകാലം കണക്കാക്കില്ല എന്ന് ചട്ടത്തിൽ പറഞ്ഞിട്ടില്ലെന്നും, KTPDS Order ലെ പല വ്യവസ്ഥകളിലും അപാകതകളുണ്ടെന്നും ഹർജിക്കാരി ബോധിപ്പിക്കുകയുണ്ടായി.

4. ശ്രീമതി ഇന്ദിര കെ.കെ സർക്കാരിൽ സമർപ്പിച്ച റിവ്യൂ ഹർജിയിന്മേൽ പരാതിക്കാരിയെ 19/06/2024 ന് സർക്കാർ നേർക്കാഴ്ചയ്ക്ക് ക്ഷണിക്കുകയുണ്ടായി.ഹർജിക്കാരിയെ പ്രതിനിധീകരിച്ച് അഡ്വ. ശ്രീ.കെ.കെ.വേണുഗോപാലും, വകുപ്പിനെ പ്രതിനിധീകരിച്ച് കുന്നംകുളം താലൂക്ക് സപ്ലൈ ഓഫിസർ ശ്രീ. ജി. ശ്രീജിത്തും 19.06.2024 ന് ഹാജരാകുകയുണ്ടായി .ശ്രീമതി ഇന്ദിര കെ.കെ. സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി, ഹർജിക്കാരിയുടെ അപേക്ഷ നിരസിച്ച ജില്ലാ സപ്ലൈ ആഫീസറുടെയും, ജില്ലാ കളക്ടറുടെയും നടപടിക്രമം, ഈ വിഷയത്തിലുള്ള പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ പരാമർശം (4) പ്രകാരമുള്ള റിപ്പോർട്ട്, ഹിയറിങ് വേളയിൽ ഹർജിക്കാരിയുടെ അഭിഭാഷകൻ സമർപ്പിച്ച രേഖകൾ, കുന്നംകുളം താലൂക് സപ്ലൈ ആഫീസർ ഉയർത്തിയ വാദഗതികൾ എന്നിവ ബന്ധപ്പെട്ട ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു.

5. കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 നിലവിൽ വന്ന 18.02.2021 ന് കേരള റേഷനിംഗ് ഓർഡർ 1966 പ്രകാരം നിലവിലുള്ള ലൈസൻസികൾക്ക് മാത്രമേ കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 ലെ ഖണ്ഡിക 37 (1) മുതൽ (6) വരെയുള്ള ഉപഖണ്ഡികകൾ

ബാധകമാകുകയുള്ളൂ. 18.02.2021 നോ അതിന് മുമ്പോ റദ്ദ് ചെയ്ത് അറ്റാച്ച് ചെയ്ത ന്യായവിലകടകളിലെ സെയിൽസ്മാൻ/സെയിൽസ് വുമണിന് 10 വർഷത്തിൽ കൂടുതൽ പ്രവർത്തി പരിചയം ഉണ്ടെങ്കിൽ കൂടിയും കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 ഖണ്ഡിക 37 (5) പ്രകാരം നിയമനം ലഭിക്കാൻ അർഹത ഇല്ല. കുന്നംകുളം താലൂക്കിലെ ന്യായവിലകട 1882062 (കുന്നംകുളം താലൂക്ക് രൂപീകരിക്കുന്നത് വരെ തലപ്പിള്ളി താലൂക്കിലെ ന്യായവിലകട 1842025) റദ്ദ് ചെയ്തിരിക്കുന്നത് 2008 ലാണ്. കൂടാതെ അപേക്ഷകക്ക് KTPDS (Control) Order 2021 അധ്യായം (4) സെക്ഷൻ 28 (4) അനുശാസിക്കും പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതയുമില്ല. കുന്നംകുളം താലൂക്കിലെ ന്യായവിലക്കട 1882062 -ന്റെ അംഗീകാരം ലഭിക്കുന്നതിനായി ശ്രീമതി. ഇന്ദിര കെ.കെ എന്നവർ സമർപ്പിച്ച അപേക്ഷ നിരസിച്ചിരിക്കുന്നതും, തുടർന്ന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിക്കാതിരുന്നതും KTPDS (Control) Order 2021 പ്രകാരം സെയിൽസ് വുമൺ എന്ന നിലയിൽ ടിയാരി ന്യായവിലകട ലൈസൻസിയാകുവാൻ യോഗ്യയല്ലാത്ത വ്യക്തിയായതിനാലും, ന്യായവിലകട ലൈസൻസിയാകുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയില്ലാത്തതിനാലുമാണ്.

6. മേൽ വിവരിച്ചിട്ടുള്ള സാഹചര്യത്തിൽ, കുന്നംകുളം താലൂക്കിലെ ന്യായവിലക്കട 1882062 -ന്റെ ലൈസൻസി നിയമനം സംബന്ധിച്ച ശ്രീമതി ഇന്ദിര കെ.കെ. സമർപ്പിച്ച അപേക്ഷയിന്മേലുള്ള തൃശ്ശൂർ ജില്ലാ സപ്ലൈ ആഫീസറുടെയും തൃശ്ശൂർ ജില്ലാ കളക്ടറുടെയും നടപടിക്രമത്തിൽ ഇടപെടേണ്ട സാഹചര്യം നിലവിലില്ലാത്തതിനാൽ ആയത് ശരിവെച്ചും ശ്രീമതി ഇന്ദിര കെ കെ. സർക്കാരിൽ സമർപ്പിച്ച പരാമർശം (3) പ്രകാരമുള്ള റിവിഷൻ ഹർജി നിരസിച്ചും ഇതിനാൽ ഉത്തരാവാകുന്നു .

7.തൃശ്ശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിലെ 1882062 നമ്പർ ന്യായവില കടയുടെ സ്ഥിരം ലൈസൻസി നിയമനത്തിനുള്ള വിജ്ഞാപന നടപടികളുമായി മുന്നോട്ട് പോകാൻ തൃശ്ശൂർ ജില്ലാ സപ്ലൈ ആഫീസർക്കു നിർദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJENDRAN CHETTIYAR K
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീമതി ഇന്ദിര കെ. കെ., കാട്ടുകുളങ്ങര ഹൗസ്, ചൊവ്വന്നൂർ പി.ഓ., കുന്ദംകുളം, തൃശ്ശൂർ.
2. ജില്ല കളക്ടർ, തൃശ്ശൂർ.
3. ജില്ലാ സപ്ലൈ ഓഫീസർ തൃശ്ശൂർ
4. താലൂക്ക് സപ്ലൈ ഓഫീസർ, കുന്നംകുളം.
5. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ,തിരുവനന്തപുരം.
6. വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ വകുപ്പ്)
   (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7. കരുതൽ ഫയൽ (FCSD-B2/93/2024-FCSD)

ഉത്തരവിൻ പ്രകാരം

Signed by
Sneha S Nair
Date: 12-08-2024 16:31:15

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. ഭക്ഷ്യ പൊതുവിതരണ സെക്രട്ടറിയുടെ പി. എ.യ്ക്ക്

ഭക്ഷ്യ പൊതുവിതരണ ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഭക്ഷ്യ പൊതുവിതരണ ഡെപ്യൂട്ടി സെക്രട്ടറിക്ക്